LIBRARY ARCHIVES Kerala Legislative Assembly

SRI MOOLAM CENTRAL WEAVING SOCIETY

***1053.** (52) **Sri. N. K. Krishna Pillai:** Will the Hon'ble Minister for Industries and Co-operation be pleased to state:

(*a*) whether at the request of the Sri Mulam Central Weaving Society No. 508, Government deputed to Bombay Mr. M. P. G. Nair, Principal, Textile Technology Institute, for purchasing bleaching and finishing machinery for the use of the said society;

(*b*) if the answer to part (*a*) is in the affirmative the name of the company or firm with which the said officer negotiated the purchase;

(*c*) whether the machinery was purchased and if so, the cost thereof;

(*d*) if the same was not purchased, the reasons therefor;

(*e*) whether the above society has requested the Government for sanction to proceed against the said officer in a court of law in connection with the above dealing;

(*f*) if the answer to part (e) is in the affirmative what the charges and allegations are that were made by the Society against that officer; and

(*g*) what action was taken by Government on the Society's request for sanction?

Minister for Industries, Excise and Local Self-Government **(Sri. N. Kunjuraman):**

(*a*) Yes.

(*b*) Engineering Co.

(*c*) The Society has informed that negotiations were made to purchase the machinery at a cost of Rs. 1,55,500.

(*d*) does not arise.

(*e*) the Registrar has instructions to investigate the report.

(*f*) A complaint has been received by the Society.

(*g*) The matter is under investigation.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: ആ Complaint എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ എനിക്കു അതേപ്പറ്റി അറിവില്ല. അന്വേഷണത്തിലിരിക്കുകയാണു്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: കമ്പനിയുമായിട്ടു് ഒരു ലക്ഷത്തിൽ ചില്വാനം രൂപയ്ക്കാണല്ലോ എർപ്പാടു ചെയ്തതു എന്നു പറഞ്ഞതു്. ഡി. യുടെ ഉത്തരം മിഷ്യനറി വാങ്ങിച്ചു എന്നല്ലേ?

Sri. N. Kunjuraman: The matter is under investigation.

Sri. D. Gnanasigamoni: May I know whether any written complaint was received.

Sri. N. Kunjuraman : Yes.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: മെഷ്യനറി ഇതുവരെ വാങ്ങിച്ചിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനുള്ള മറുപടി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

SHORT NOTICE QUESTIONS

ARRESTS AT ALWAYE

***11.** (10) **Sri. N. D. Jose :** Will the Hon'ble Minister for Law and Order be pleased to state :—

(*a*) the number of persons who were arrested in connection with the strike in the F. A. C. T. at Alwaye;

(*b*) whether cases have been charged against them ; and

(*c*) whether they are kept in lock-ups or have been sent to jails?

Chief Minister **(Sri. T. K. Narayana Pillai) :**

(*a*) Five, excluding the persons who were arrested for disobedience of the prohibitory order.

(*b*) Cases have been charged against some, and against some the matter is under investigation.

(*c*) They are, all of them, on bail.

Sri. N. Daniel Jose : Is the Government aware of the fact that some of these people were taken to the Court hand-cuffed and almost half-naked?

Chief Minister **(Sri. T. K. Narayana Pillai) :** Government is not aware of that.

ശ്രീ. സി. സി. പ്രസാദ്: ജാമ്യത്തിൽ വിട്ടിട്ടുള്ളതു കണ്ടിഷനുകളോടുകൂടിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില കണ്ടിഷൻസെല്ലാം ഉണ്ട്.

ശ്രീ. സി. സി. പ്രസാദ്: അവ എന്തെല്ലാമാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: ചില കേസുകളിൽ അയ്യായിരം രൂപയുടെ പേഴ്സനൽ സെക്യൂരിറ്റിയും, അയ്യായിരം രൂപയുടെ മറ്റു ജാമ്യവും വേണമെന്നു നിർബ്ബന്ധിച്ചിട്ടുണ്ട്. രാഷ്ട്രീയമായുള്ളതോ, പൊതുക്കാര്യപരമായുള്ളതോ ആയ യോഗങ്ങളിലൊ, പ്രകടനങ്ങളിലൊ പങ്കെടുക്കുകയില്ല എന്നൊരു അണ്ടർടേക്കിംഗും വേണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ പല തരത്തിലുള്ള കണ്ടിഷൻസുണ്ട്.

Sri. N. D. Jose: Will the Government be pleased to enquire into this complaint which has been raised against the officers of the locality?

Sri. T. K. Narayana Pillai : Government have not received any complaint from any person or any body of persons.

ശ്രീ. വി. ഗംഗാധരൻ: അറസ്റ്റ് ചെയ്തിട്ടുള്ളവരിൽ ചിലരെ പോലീസ് വളരെയധികം മർദ്ദിച്ചിട്ടുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ യാതൊരു പരാതിയും ഈ നിമിഷംവരെ ഗവണ്മെന്റിനു കിട്ടിയിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: ഇൻവെസ്റ്റിഗേഷനിൽ കേസിരിക്കുന്നു എന്നു പറഞ്ഞു. ഏതു ഇൻവെസ്റ്റിഗേഷനാണ്?

മി. സ്പീക്കർ: അതിനർത്ഥമുണ്ട്.

ശ്രീ. വി. ഗംഗാധരൻ: ഗവണ്മെന്റിനു പരാതികളും കിട്ടിയിട്ടില്ലെന്നു പറഞ്ഞുവല്ലൊ. എങ്ങിനെയുള്ള പരാതികളാണു കിട്ടേണ്ടതു?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെന്റിനു അതു സംബന്ധിച്ചു ഒരു പരാതിയും കിട്ടിയിട്ടില്ല. പരാതി കിട്ടുന്നപക്ഷം അതേപ്പറ്റി വേണ്ടനടപടികളും ഉടനടി നടത്തുന്നതാണ്.

ശ്രീ. വി. ഗംഗാധരൻ: ലാക്കപ്പിൽവച്ചു പ്രതികളെ മർദ്ദിക്കുന്നതു കുറ്റകരമാണെന്നു ഗവണ്മെന്റിനു തോന്നുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു കുറ്റകരമാണെന്നു ഇവിടെ പലത്വണ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. സി. സി. പ്രസാദ്: അറസ്റ്റ്ചെയ്യുവരെ നിരുപാധികമായി വിട്ടയ്ക്കാറില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: അതു ചെയ്യേണ്ടതു കോടതിയാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഒടുവിൽ ഇതുസംബന്ധിച്ചു അറസ്റ്റ് ചെയ്തതു ആരെയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ആരെയാണെന്ന നിശ്ചയമില്ല. മിനിഞ്ഞാന്നവരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏറ്റവും ഒടുവിൽ അറസ്റ്റ് ചെയ്തതു ആരെയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: പേരു നിശ്ചയമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: മലയാളിപ്പത്രത്തിൽ ഇതിനെസംബന്ധിച്ചുണ്ടായ പ്രസ്താവന ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മലയാളിപ്പത്രം ഞാൻ വായിച്ചിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: മലയാളിപ്പത്രത്തോടുള്ള വിരോധംകൊണ്ടാണോ പ്രധാനമന്ത്രി അതു വായിച്ചില്ലെന്നു പറഞ്ഞതു?

ശ്രീ. ടി. കെ. നാരായണപിള്ള: ഇന്നു വായിച്ചില്ലെന്നാണു പറഞ്ഞതു്.

ശ്രീ. ഇട്ടീരഅംബുക്കൻ: അറസ്റ്റ് കൈവരിക്കണമെന്നുദ്ദേശിച്ചുപോയിട്ടുള്ളവരെ അറസ്റ്റ് ചെയ്യാതെ വിട്ടിട്ടുണ്ടോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ല.

ADJOURNMENT MOTION

മിസ്റ്റർ സ്പീക്കർ: ഒരു അടിയന്തിരപ്രമേയം കിട്ടിയിട്ടുണ്ടു്. പഞ്ചസാരക്കു് ഇൻഡ്യാ ഗവൺമെണ്ടു കൺട്രോൾ ചെയ്തതിൻെറ ഫലമായി ഈ രാജ്യത്തെ കരിമ്പുകൃഷിക്കു സാരമായ ദോഷം നേരിട്ടുകയും ശർക്കരയുടെ വില വളരെ കുറയുകയും ചെയ്തിരിക്കുന്നുവെന്നുള്ളതിനെപ്പറ്റി വാദപ്രതിവാദംചെയ്യുവാൻ അനുവാദം ആവശ്യപ്പെട്ടുകൊണ്ടുള്ളതാണു് ഈ അടിയന്തിരപ്രമേയം. എന്താണു് ഇതുമൂലം പെട്ടെന്നു് ഒരു കുഴപ്പമുണ്ടായിട്ടുള്ളതെന്നും, പബ്ലിക്കിനു നേരിട്ടിട്ടുള്ള ദോഷമെന്താണെന്നും മറ്റുള്ള വിവരങ്ങളും ഈ പ്രമേയത്തിൽ പറഞ്ഞുകാണുന്നില്ല. എതായാലും ഇതുസംബന്ധിച്ചു് ഗവൺമെൻറു് ഭാഗത്തു അറിവുള്ള വിവരങ്ങളും ഈ സഭയെ അറിയിക്കുന്നതു നന്നായിരിക്കും.

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ): ഈ സഭ ഇന്നു പതിനൊന്നുമണിക്കു കൂടുന്നതിനു നാലഞ്ചു നിമിഷം മുമ്പാണു് എനിക്കു് ഈ പ്രമേയംതന്നെ കിട്ടിയതു്. ഇതിൻെറ വസ്തുതകളും പറയുവാൻ എനിക്കു് ഇപ്പോൾ സൗകര്യമില്ല. അതുകൊണ്ടു് അടുത്ത തിങ്കളാഴ്ച ഇതിൻെറ വസ്തുതകളും ശേഖരിച്ചു് ഞാൻ അറിയിക്കാം.

മിസ്റ്റർ സ്പീക്കർ: ഇതിനെപ്പറ്റിയുള്ള വിവരങ്ങളും ഗവൺമെണ്ടിനു കിട്ടിയിട്ടില്ലെന്നുപറയുന്നതിനാൽ ഈ അടിയന്തിരപ്രമേയം ഇപ്പോൾ വാദപ്രതിവാദത്തിനെടുക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഇതു ഹാജരാക്കിയ ബഹുമാനപ്പെട്ട മെംബറും ഗവൺമെൻറും ഇതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങളും ശേഖരിച്ചു് അതിനുശേഷം ഒരു അടിയന്തിരപ്രമേയം സ്വീകാര്യമെന്നുകണ്ടാൽ അനുവദിക്കാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly